## പതിമൂന്നാം കേരള നിയമസഭ

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4466</u> <u>26.06.2014 ൽ മറുപടിക്ക്</u>

### നെയ്യാറ്റിൻകര സിവിൽ സ്റ്റേഷൻ കോംപൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങൾ

| | ചോദ്യം<br>ശ്രീമതി ജമീലാ പ്രകാശം | | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര സിവിൽ സ്റ്റേഷൻ കോംപൗണ്ടിൽ പൊതുജനങ്ങൾക്കും, ജീവനക്കാർക്കും വാഹന പാർക്കിംഗ്, പ്രാഥമികാവശ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിന് നിലവിൽ എന്ത് സൗകര്യമാണുള്ളത്; | (എ) യും (ബി) യും | സിവിൽ സ്റ്റേഷൻ പരിസരത്ത് ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് നിലവിൽ വാഹനങ്ങൾ പാർക്ക് ചെയ്തു വരുന്നു. പൊതു ജനങ്ങൾക്ക് പ്രാഥമികാവശ്യ - ങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിൽ ഒരു ടോയ്‌ലറ്റ് ഉള്ളതും ആയത് നിലവിൽ ഉപയോഗ ശൂന്യവുമാണ്. ജീവനക്കാർക്ക് സിവിൽ സ്റ്റേഷൻ കെട്ടിടത്തിനകത്ത് പരിമിതമായ സൗ-കര്യങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. വാഹനപാർക്കിംഗിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതും ഉപയോഗ ശൂന്യമായ ടോയിലറ്റുകൾ ഉപയോഗ യോഗ്യമാക്കുന്നതിനും ഉള്ള നടപടികൾ താമസംവിനാ സ്വീകരിക്കുന്നതാണ്. |
| (ബി) | വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (സി) | സിവിൽ സ്റ്റേഷൻ കോംപൗണ്ടിൽ നിലവിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാടക കിട്ടുന്നുണ്ടോ; | (സി) | സിവിൽ സ്റ്റേഷൻ കോംപൗണ്ടിൽ ശ്രീ. അജയകുമാർ എന്ന കക്ഷിയ്ക്ക് ഫോട്ടോസ്റ്റാറ്റ് കട പ്രവർത്തിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ നിന്നും പാട്ടം അടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുള്ളതും, ടി പാട്ടം പുതുക്കുന്നതിനു നടപടി നടന്നു വരുന്നു. |
| (ഡി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | |
| (ഇ) | വാടക കിട്ടുന്നില്ലെങ്കിൽ ഈ അനധികൃത സ്വകാര്യ സ്ഥാപനങ്ങൾ പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | അനധികൃത സ്വകാര്യ സ്ഥാപന ങ്ങൾ ഒന്നും തന്നെ സിവിൽ സ്റ്റേഷൻ പരിസരത്ത് പ്രവർത്തി ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ